# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2997 — 13.07.2015-ൽ മറുപടിയ്ക്ക്

## പട്ടിക വർഗ്ഗ സമൂഹങ്ങൾക്കുള്ള പദ്ധതികളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണം

| | ചോദ്യം<br>ശ്രീ.വി.ശശി | | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗ സമൂഹവുമായി ബന്ധപ്പെട്ട് അഥവാ അവരുടെ പദ്ധതികളുമായി ബന്ധപ്പെട്ട് എത്ര പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടിക ജാതി - പട്ടിക വർഗ്ഗ സമൂഹവുമായും അവരുടെ പദ്ധതികളുമായും ബന്ധപ്പെട്ടുള്ള 15 പരാതികളിന്മേൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) കൊല്ലം ജില്ല പട്ടികജാതി ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ SIND (O2) 29 എന്ന സംഘം, പട്ടികജാതിക്കാർക്ക് തൊഴിൽ നൽകുന്നതിനു വേണ്ടി കോടികൾ ഗ്രാന്റായി വാങ്ങുകയും പട്ടികജാതിക്കാർക്ക് യാതൊരു സഹായവും ചെയ്തിട്ടില്ല എന്ന പരാതിയിൽ വിജിലൻസ് അന്വേഷണം പുരോഗമന ഘട്ടത്തിലാണ്.<br>(2) ഇടുക്കി ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച ഹൗസിംഗ് ഗ്രാന്റിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.വി.എൽ.രഘുനാഥൻ ക്രമക്കേട് നടത്തി-യതായുള്ള ആരോപണം ഉൾക്കൊള്ളുന്ന പരാതിയിൽ വിജിലൻസ് അന്വേഷണം (വി.ഇ.03/2012/ഐ.ഡി.കെ) നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി 19/08/2014 ൽ പട്ടികജാതിപട്ടികവർഗ്ഗ വികസന വകുപ്പിന് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയും ചെയ്യുന്നു.<br>(3) ഇടുക്കി ജില്ലയിൽ അഴുത ബ്ലോക്ക്, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ ഭൂരഹിത, ഭവനരഹിത പട്ടികജാതിക്കാരുടെ പുനരധിവാസത്തിനായി അഴുത ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന |
| (ബി) | ഇതിൽ എത്ര കേസുകളിൽ വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചുവെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ; ഇവയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | | |

നടപ്പിലാക്കിയ പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ചുള്ള പരാതിയിന്മേലുള്ള വിജിലൻസ് അന്വേഷണം (വി.ഇ.01/13/ ഐ.ഡി.കെ) നടത്തി സമർപ്പിച്ച റിപ്പോർട്ടിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിനായി 04/02/2015 ൽ ആഭ്യന്തര വകുപ്പിനും തദ്ദേശസ്വയംഭരണ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) ഇടുക്കി ജില്ലയിലെ കുളപ്പാറ പട്ടികജാതി കോളനിയിലെ കുടിവെള്ള വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ചുള്ള പരാതിയിന്മേലുള്ള വിജിലൻസ് അന്വേഷണം പുരോഗമനഘട്ടത്തിലാണ്.

(5) ഇടുക്കി ജില്ല മാങ്കുളം പഞ്ചായത്തിലെ പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ സഹായം അനുവദിച്ചതിലെ ക്രമക്കേട് സംബന്ധിച്ചുള്ള പരാതിയിന്മേലുള്ള വിജിലൻസ് അന്വേഷണം നടന്നു വരുന്നു.

(6) ആദിവാസികളുടെ പേരിൽ വ്യാജ പരാതി നൽകിയെന്ന ആരോപണത്തെ സംബന്ധിച്ച തൃശ്ശൂർ മലക്കപ്പാറ – പെരുമ്പാറ കാടർ കോളനിയിലെ പരാതി സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിൽ തുടർനടപടി ആവശ്യമില്ലെന്ന റിപ്പോർട്ടിന്മേൽ സർക്കാർ അനുമതിയോടെ അന്വേഷണം അവസാനിപ്പിച്ചു

(7) കേരള സസ്റ്റെയിനബിൾ അർബൻ ഡവലപ്പ്മെന്റ് പ്രോജക്ട് തൃശ്ശൂർ ജില്ല ചേറൂർ ഡിവിഷനിലെ കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിയമവിരുദ്ധമായി റോഡ് നിർമ്മാണ നടപടികൾ നടത്തിയത് സംബന്ധിച്ചുള്ള പരാതിയിന്മേൽ നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ട് (വി.ഇ.05/13/ റ്റി.എസ്.ആർ) തുടർനടപടി സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് 06/05/2014 ൽ നൽകിയിട്ടുണ്ട്.

(8) 2008-2009 കാലയളവിൽ പാലക്കാട് ജില്ലയിലെ ദുർബല വിഭാഗക്കാരുടെ പ്രത്യേക പുനരധിവാസ പദ്ധതി എ.സി.എ, ഭൂരഹിത-ഭവന രഹിത പദ്ധതി എന്നിവയുടെ നടത്തിപ്പിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം (വി.ഇ.02/2014/ പി.കെ.ഡി) നടത്തി സമർപ്പിച്ച റിപ്പോർട്ടിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിനായി 19/06/15 ന്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(9) പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആദിവാസി മേഖലയിൽ നടന്നുവരുന്ന വിവിധ അഴിമതികൾ സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗമന ഘട്ടത്തിലാണ്.

(10) വയനാട് ജില്ല പൂതാടി ഗ്രാമപഞ്ചായത്തിൽ ആദിവാസികൾക്ക് വീട് നിർമ്മിച്ചതിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം (വി.ഇ.07/2012/ഡബ്ല്യൂ.വൈ.ഡി.) നടത്തി സമർപ്പിച്ച റിപ്പോർട്ടിൻമേൽ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി 01/04/2014 ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(11)വയനാട്ടിലെ ആദിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കിയതിലെ അഴിമതി സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം നടന്നു വരുന്നു.

(12) കോഴിക്കോട് ജില്ലയിലെ പയ്യോളി ഗ്രാമപഞ്ചായത്ത് അധികൃതർക്കെതിരായി, പട്ടികജാതി വനിതകൾക്ക് ഏർപ്പെടുത്തിയ എംപ്ലോയ്മെന്റ് ട്രെയിനിംഗ് സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം നടന്നു വരുന്നു.

(13)കണ്ണൂർ ജില്ലയിലെ ഇരിക്കൂർ പട്ടികജാതി ഹോസ്റ്റലിന് സ്ഥലം വാങ്ങിയതിലെ ക്രമക്കേടുകളെക്കുറിച്ച് നടന്ന വിജിലൻസ് അന്വേഷണത്തിൽ തുടർനടപടി ആവശ്യമില്ലെന്ന് കണ്ട് അന്വേഷണം അവസാനിപ്പിച്ചു

(14) കണ്ണൂർ ജില്ല പുഴതി ഗ്രാമപഞ്ചായത്തിൽ പട്ടിക ജാതിക്കാർക്കുള്ള വീട് നിർമ്മാണത്തിന് സ്ഥലം വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണത്തിൽ അനന്തര നടപടികൾ ആവശ്യമില്ലെന്ന് കണ്ട് അന്വേഷണം അവസാനിപ്പിച്ചു

(15) തിരുവനന്തപുരം ജില്ലയിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ മൂന്നു കോടിയോളം രൂപ ഉപയോഗിച്ച് ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി പഠന മേശയും കസേരയും വിതരണം ചെയ്യുന്ന ചെറുകിട വ്യവസായ വികസന

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ